# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 459 — 10.06.2014 ൽ മറുപടിയ്ക്ക്

## ചീമേനി സഹകരണ എഞ്ചിനീയറിംഗ് കോളേജിലെ അധ്യാപക ക്ഷാമം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചീമേനി സഹകരണ എഞ്ചിനീയറിംഗ് കോളേജിൽ വിവിധ ബ്രാഞ്ചുകളിലായി എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | തൃക്കരിപ്പൂർ എഞ്ചിനീയറിംഗ് കോളേജിൽ 2013-14 അധ്യയന വർഷം വിവിധ ബ്രാഞ്ചുകളിലായി 1109 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത കോളേജിൽ നിന്നും എത്ര രൂപ വാർഷിക വരുമാനം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത കോളേജിൽ നിന്നും 2013-14 സാമ്പത്തിക വർഷം 5,45,48,785/- (അഞ്ച് കോടി നാൽപത്തഞ്ച് ലക്ഷത്തി നാൽപത്തി എട്ടായിരത്തി എഴുന്നൂറ്റി എൺപത്തഞ്ച് രൂപ മാത്രം) വാർഷിക വരുമാനമായി ലഭിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത കോളേജിലെ അധ്യാപക ക്ഷാമം പരിഹരിക്കാനും സ്ഥിരം അധ്യാപകരെ നിയമിക്കാനും എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | കേപ്പിന്റെ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ഉപരി പഠനത്തിന് പോയ അധ്യാപകർ ഈ അധ്യയന വർഷത്തിന്റെ തുടക്കത്തിൽ തന്നെ പഠനം പൂർത്തിയാക്കി തിരികെ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിന് കഴിയും. |

സെക്ഷൻ ഓഫീസർ